(ബി) വിജിലൻസ് റെയ്ഡിൽ 55 ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 51 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുക ഉണ്ടായി. സസ്പെന്റ് ചെയ്യപ്പെട്ടവരും അല്ലാത്തവരുമായവർക്കെതിരെയുള്ള മറ്റ് നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) കമ്പ്യൂട്ടർവൽക്കരണം തുടർന്നുകൊണ്ടും ഭരണ നവീകരണ പദ്ധതി നടപ്പിലാക്കിയും സബ് രജിസ്ട്രി ഓഫീസുകളുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാൻ ഉദ്ദേശിക്കുന്നു.

ആലുവ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

112 [671] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ഈ വർക്കിന് അടിയന്തിരമായി ഭരണാനുമതി നൽകുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായുള്ള വകുപ്പദ്ധ്യക്ഷന്റെ പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഇട്ടിവാ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

113 [672] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്ന് പഞ്ചായത്തുകൾക്കായുള്ള ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ഇട്ടിവാ പഞ്ചായത്തിൽ കോട്ടുക്കൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം അത് പരിഗണിക്കപ്പെടാൻ നടപടി സ്വീകരിക്കുമോ ;

(സി) ചടയമംഗലം, കടയ്ക്കൽ, ചിതറ സബ് രജിസ്ട്രാർ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് ;

(ഡി) ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ ചോർന്ന് നനയുന്ന ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയ കെട്ടിടം പണിയാൻ ബഡ്ജറ്റിൽ തുക വകയിരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly